വൊക്കേഷണൽ ഹയർ സെക്കണ്ടറി/ഹയർ സെക്കണ്ടറി പാഠപുസ്തകങ്ങൾ അച്ചടിച്ച് വിതരണം ചെയ്യുന്നത് സി-ആപ്റ്റ് ആണ്. പ്ലസ് ടു പാഠപുസ്തകങ്ങളുടെ വിതരണം രണ്ടാം ഭാഗം ഒഴികെ 80 ശതമാനത്തിലധികം പൂർത്തിയായിട്ടുണ്ട്. രണ്ടാം ഭാഗത്തിന്റെ വിതരണം ആരംഭിച്ചിട്ടുമുണ്ട്. പ്ലസ് വൺ പാഠപുസ്തകങ്ങളുടെ വിതരണം ക്ലാസുകൾ ആരംഭിക്കുന്നതിന് മുമ്പായിതന്നെ പൂർത്തിയാക്കുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) 1,3,5,7 എന്നീ ക്ലാസുകളിലെ പാഠ പുസ്തകങ്ങൾക്കാണ് മാറ്റമുണ്ടായിട്ടുള്ളത്. മാറിയ പാഠപുസ്തകങ്ങൾ വിതരണം പൂർത്തീകരിച്ചു വരികയാണ്. അധികം ആവശ്യമായ മാറിയ പാഠപുസ്തകങ്ങൾ ജൂലൈ 15 നുള്ളിൽ അച്ചടിച്ച് വിതരണം പൂർത്തിയാക്കുന്നതാണ്.

ഈ വർഷം ഹയർ സെക്കണ്ടറി വിഭാഗത്തിലെ പ്ലസ് വൺ പാഠപുസ്തകങ്ങൾ മാറിയിട്ടുണ്ട്. പ്ലസ് വൺ പാഠപുസ്തകങ്ങളുടെ വിതരണം ക്ലാസുകൾ ആരംഭിക്കുന്നതിന് മുമ്പായിത്തന്നെ പൂർത്തിയാക്കുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വൊക്കേഷണൽ ഹയർ സെക്കണ്ടറിയിലെ നോൺ വൊക്കേഷണൽ പാഠപുസ്തകങ്ങളിൽ മാറ്റമുണ്ടായിട്ടുണ്ട്. വിതരണം ക്ലാസുകൾ ആരംഭിക്കുന്നതിന് മുമ്പായിത്തന്നെ പൂർത്തിയാക്കുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) കഴിഞ്ഞ അദ്ധ്യയന വർഷം പാഠപുസ്തക വിതരണം സമയബന്ധിതമായി പൂർത്തീകരിക്കുവാൻ കഴിഞ്ഞിരുന്നു. എങ്കിലും ചില ജില്ലകളിലെ ചില സ്കൂളുകളിൽ എല്ലാ വിദ്യാർത്ഥികൾക്കും യഥാസമയം പാഠപുസ്തകം ലഭിച്ചില്ലെന്ന പരാതി ശ്രദ്ധയിൽ പെട്ടിരുന്നു. ഈ അദ്ധ്യയന വർഷം ഈ പോരായ്മ പരിഹരിച്ച് വിതരണം പൂർത്തീകരിച്ചുവരുന്നു. കഴിഞ്ഞ അധ്യയന വർഷം ഹയർ സെക്കണ്ടറി/വൊക്കേഷണൽ ഹയർ സെക്കണ്ടറി പാഠപുസ്തക വിതരണത്തിൽ കാലതാമസമുണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) കാലതാമസമില്ലാതെ അദ്ധ്യയനവർഷത്തിൽത്തന്നെ മുഴുവൻ വിദ്യാർത്ഥികൾക്കും കൃത്യമായ രീതിയിൽ പാഠപുസ്തകങ്ങൾ ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

പുതിയ റേഷൻകടകൾ

10(*670) ശ്രീ. എ. റ്റി. ജോർജ് :
ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. പാലോട് രവി :
ശ്രീ. പി. സി. വിഷ്ണുനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുതിയ റേഷൻകടകൾ തുടങ്ങുന്നതിന് തീരുമാനിച്ചിട്ടുണ്ടോ ; വിശദാംശം ലഭ്യമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എന്തെല്ലാം കേന്ദ്ര സഹായങ്ങളാണ് ഇതിനായി ലഭിക്കുന്നതെന്ന് വിശദമാക്കുമോ ;

(സി) പദ്ധതി നടപ്പാക്കുന്നതിൽ എത്രമാത്രം പുരോഗതി കൈവരിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ ?

ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്) :

(എ) സംസ്ഥാനത്ത് നിലവിൽ 1437 റേഷൻ കടകളാണ് പ്രവർത്തിക്കുന്നത്. വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

മേൽപറഞ്ഞവയിൽ 10678 എണ്ണം ജനറൽ വിഭാഗത്തിലും 2927 എണ്ണം വനിതാ വിഭാഗത്തിലും 247 എണ്ണം പട്ടികജാതി വിഭാഗത്തിലും 48 എണ്ണം പട്ടിക വർഗ്ഗ വിഭാഗത്തിലും 62 എണ്ണം ഭിന്നശേഷിയുള്ളവരുടെ വിഭാഗത്തിലും 357 എണ്ണം സഹകരണ സൊസൈറ്റിയുടെ കീഴിലും പ്രവർത്തിച്ചുവരുന്നു.

ഹൈക്കോടതിയുടെ 14-7-2009-ലെ WA 1217/2009 വിധിന്യായം അനുസരിച്ച് 1966-ലെ കേരള റേഷനിംഗ് ഓർഡർ പ്രകാരമുള്ള സംവരണ വിഭാഗമായ പട്ടികജാതി/പട്ടികവർഗ്ഗം 10%, വനിതകൾ 20%, ഭിന്നശേഷിയുള്ളവർ 5% എന്നീ ക്രമത്തിൽ സംവരണ വിഭാഗങ്ങളുടെ ഒഴിവുകൾ നികത്തിയ ശേഷം മാത്രമാണ് ജനറൽ വിഭാഗത്തിൽ നിയമനം നടത്തി വരുന്നത്. അത്തരത്തിലാണ് നിയമനങ്ങൾ 2010-ന് ശേഷം നടത്തിയിട്ടുള്ളത്. പുതിയ റേഷൻ കടകൾ അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് 3-3-2014-ന് ഭക്ഷ്യവകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ അനന്തരാവകാശ നിയമ പ്രകാരമുള്ള റേഷൻകടകൾ നൽകുന്നതിനും ഏതെങ്കിലും കാരണവശാൽ അംഗീകാരം റദ്ദുചെയ്യപ്പെട്ട റേഷൻ കടകൾക്ക് പകരം നിയമനം നൽകുന്നതിനായി സർക്കാർ ഏജൻസിയായ സപ്ലൈകോയെ അറിയിക്കുകയും, സപ്ലൈകോക്ക് ഏറ്റെടുത്ത് നടത്തുവാൻ കഴിയുകയില്ല എന്ന സാഹചര്യത്തിൽ സംവരണതത്വം പാലിച്ച് നിയമനം നടത്തുക എന്ന രീതിയിൽ തീരുമാനിച്ചിട്ടുണ്ട്.

(ബി) പുതിയ റേഷൻകടകൾ തുടങ്ങുന്നതിനായി നിലവിൽ പ്രത്യേക കേന്ദ്ര സഹായങ്ങൾ ഒന്നും തന്നെ ലഭിക്കുന്നില്ല.

(സി) ബാധകമല്ല.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly